പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2959 — 17.10.2016 ൽ മറുപടിയ്ക്ക്

സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ആർ. സുനിൽ കുമാർ | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തുമ്പോൾ വകുപ്പ് ജീവനക്കാരിൽ നിന്നും ഓപ്ഷൻ ചോദിച്ചതിന് ശേഷം മാത്രമാണ് നിയമനം നടത്തുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തുമ്പോൾ സിവിൽ സപ്ലൈസ് വകുപ്പ് ജീവനക്കാരിൽ നിന്നും ഓപ്ഷൻ സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന വ്യക്തമാക്കുമോ; | (എ) | സപ്ലൈകോയിൽ അന്യത്ര സേവനത്തിൽ നിയമനം നടത്തുമ്പോൾ സിവിൽ സപ്ലൈസ് വകുപ്പിലെ ജീവനക്കാരിൽ നിന്നും ഓപ്ഷൻ സ്വീകരിക്കാറില്ല. നിലവിലുള്ള അന്യത്ര സേവന നിയമ മാനദണ്ഡ മനുസരിച്ചാണ് ടി നിയമനം നടത്തുന്നത്. സിവിൽ സപ്ലൈസ് വകുപ്പിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ് സപ്ലൈകോ പ്രവർത്തിക്കുന്നത്. |
| (ബി) | ഡെപ്യൂട്ടേഷൻ ജീവനക്കാരെ നിയമിക്കുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടാകുന്ന ലാഭനഷ്ടങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഡെപ്യൂട്ടേഷൻ ജീവനക്കാരെ നിയമിക്കുമ്പോൾ സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന ലാഭനഷ്ടങ്ങൾ കണക്കാക്കിയിട്ടില്ല. |
| (സി) | സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേക്ക് ശമ്പള പരിഷ്കരണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കണമെന്ന ഐ.ആർ.സി. തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ? | (ഡി) | സപ്ലൈകോ ജീവനക്കാർക്കുവേണ്ടിയുള്ള കോമൺ സർവ്വീസ് റൂൾ 30.12.15 ൽ സപ്ലൈകോ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട്, ജീവനക്കാർക്ക് പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് 31.03.16 വരെ സമയം നൽകുകയും |

ടി കാലയളവിനുള്ളിൽ ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മേൽ പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മാനേജർ (ഫിനാൻസ്) കൺവീനറായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ